**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3560** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഉഷ്ണതരംഗം കാരണം വിളകൾ നശിച്ച് ദുരിതത്തിലായ കർഷകർക്ക് നഷ്ടപരിഹാര പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഉഷ്ണതരംഗം കാരണം വിളകൾ കരിഞ്ഞു പോകുകയും ഉല്പാദനം കുറയുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കാരണം ബുദ്ധിമുട്ടിലായ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | ഉണ്ട്. വരൾച്ച കെടുതി നേരിട്ട് പരിശോധിക്കുന്നതിനായി ബ്ലോക്കടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ്, ബ്ലോക്ക് തല കൃഷി വിജ്ഞാന കേന്ദ്രത്തിലെ കാർഷിക സർവ്വകലാശാല പ്രതിനിധി എന്നിവർ ഉൾപ്പെടുന്ന വിദഗ്ധ സംഘം രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ ജില്ലയിലെയും വരൾച്ച ബാധിത കൃഷിയിടങ്ങൾ ബ്ലോക്കടിസ്ഥാനത്തിൽ സന്ദർശിച്ച് കാർഷിക വിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തു.<br><br>കൃഷിനാശം സംഭവിച്ച കർഷകർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1) വരൾച്ച ബാധിതരായ കർഷകരെ സഹായിക്കുന്നതിനായി, കൃഷി വകുപ്പ് നടപ്പിലാക്കുന്ന പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണങ്ങൾക്കുമുള്ള അടിയന്തിര പരിപാടി പദ്ധതിയിൽ ഉഷ്ണതരംഗം മൂലമുണ്ടായ കൃഷി നാശത്തിനു ചെറുകിട നാമമാത്ര കർഷകർക്കും, ഇതര കർഷകർക്ക് 2 ഹെക്ടർ വരെയുള്ള കൃഷി നാശത്തിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആനുകൂല്യവും സംസ്ഥാന വിഹിതവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഇതിനായി ഉഷ്ണതരംഗം വിഭാഗത്തിൽ ഉൾപ്പെടുത്തി കൃഷിനാശത്തിനുള്ള ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിനായി പ്രാഥമിക വിവര റിപ്പോർട്ട് (FIR) സമർപ്പിക്കുന്നതിന് എയിംസ് പോർട്ടലിൽ |

| | | | |
|---|---|---|---|
| | | | 07.06.2024 വരെ സംവിധാനം ഒരുക്കുകയും, കൃഷി നാശം സംഭവിച്ച കർഷകർക്ക് എയിംസ് പോർട്ടൽ മുഖേന അപേക്ഷിക്കുന്നതിനുള്ള തീയതി 30.06.2024 വരെ ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കർഷകർ എയിംസ് പോർട്ടലിൽ അപേക്ഷ സമർപ്പിച്ചു വരുന്നു.<br><br>ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും, സോഷ്യൽ മീഡിയ മുഖേനയും കർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>പ്രത്യേക ക്യാമ്പയിൻ മുഖേന കർഷകർ ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ ജില്ലാ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.<br><br>2) നിശ്ചിത പ്രീമിയം ഒടുക്കി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് വരൾച്ച മൂലമുണ്ടായ കൃഷി നാശത്തിനു മാനദണ്ഡ പ്രകാരം നിശ്ചിത നിരക്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>3) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന വിള ഇൻഷുറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള കർഷകർക്ക് വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകൾ പ്രകാരം കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നിശ്ചയിച്ചിട്ടുള്ള തുക നടത്തിപ്പ് ഏജൻസിയായ അഗ്രിക്കൾച്ചറൽ ഇൻഷുറൻസ് കമ്പനി മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>4) വരൾച്ച മൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളും, ഉല്പാദനോപാധികളും നൽകുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്. |
| (ബി) | ഇത്തരത്തിൽ വിളകൾ നശിച്ച് ദുരിതത്തിലായ കർഷകരുടെ കണക്കുകൾ ജില്ലാ അടിസ്ഥനത്തിൽ ലഭ്യമാക്കാമോ; വിശദാംശം നൽകാമോ; | (ബി) | പ്രാഥമിക റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തുടനീളം 46587 ഹെക്ടറിൽ നേരിട്ട് കൃഷിനാശം സംഭവിച്ചതായും 257.12 കോടി രൂപയുടെ പ്രത്യക്ഷ നഷ്ടവും 118.69 കോടി രൂപയുടെ പരോക്ഷ നഷ്ടവും ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. 56947 കർഷകരെ വരൾച്ച ബാധിച്ചു.<br><br>പ്രധാന വിളകളിൽ നെല്ല് 6369 ഹെക്ടർ, വാഴ 2884 ഹെക്ടർ, കുരുമുളക് 3182 ഹെക്ടർ, തെങ്ങ് 521 ഹെക്ടർ, ഏലം 30536 ഹെക്ടർ, അടയ്ക്ക 1577 |

| | | | |
|---|---|---|---|
| | | | ഹെക്ടർ, കാപ്പി 261 ഹെക്ടർ, ജാതി 303 ഹെക്ടർ, കൊക്കോ 61 ഹെക്ടർ, റബ്ബർ 336 ഹെക്ടർ, പച്ചക്കറി വിളകൾ 603 ഹെക്ടർ, പഴവർഗങ്ങൾ 100 ഹെക്ടർ എന്നിവയ്ക്ക് നേരിട്ടും പരോക്ഷമായും നാശനഷ്ടം സംഭവിച്ചു. ഇടുക്കി മേഖലയിൽ ഏലത്തിനു വ്യാപകമായ നാശനഷ്ടം സംഭവിച്ചു. 15731 ഹെക്ടറിലെ ഏലം കൃഷി പൂർണമായും നശിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കർഷകർക്ക് ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | വരൾച്ച മൂലം കൃഷിനാശം സംഭവിച്ച സ്ഥലങ്ങളിൽ പുനർ കൃഷി ചെയ്യുന്നതിന് നടീൽ വസ്തുക്കളും, ഉല്പാദനോപാധികളും നൽകുന്നതിനും, മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി സമർപ്പിച്ച പ്രൊപ്പോസൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | ജില്ലയുടെ പേര് | ആകെ വിളനാശം (ഹെക്ടറിൽ) | നഷ്ടം (ലക്ഷത്തിൽ) | കർഷകരുടെ എണ്ണം |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 233 | 29 | 181 |
| 2 | കൊല്ലം | 125 | 1102 | 2170 |
| 3 | പത്തനംതിട്ട | 839 | 82 | 757 |
| 4 | ആലപ്പുഴ | 805 | 196 | 1331 |
| 5 | കോട്ടയം | 255 | 197 | 711 |
| 6 | ഇടുക്കി | 33722 | 17554 | 29743 |
| 7 | എറണാകുളം | 779 | 208 | 1541 |
| 8 | തൃശ്ശൂർ | 3495 | 84 | 6713 |
| 9 | പാലക്കാട് | 3234 | 3246 | 4936 |
| 10 | മലപ്പുറം | 664 | 1073 | 1327 |
| 11 | കോഴിക്കോട് | 692 | 706 | 1501 |
| 12 | കണ്ണൂർ | 1009 | 488 | 1941 |
| 13 | വയനാട് | 288 | 677 | 2863 |
| 14 | കാസർഗോഡ് | 448 | 68 | 1232 |
| | **ആകെ** | **46588** | **25710** | **56947** |

**സെക്ഷൻ ഓഫീസർ**